"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മൃഗാശുപത്രി - കീപ്പാറ - വെളിയന്നൂർ എൽ.പി സ്കൂൾ റോഡ് എന്ന പ്രവൃത്തിയുടെ പേര് വടക്കേപീടിക - കീപ്പാറ - ചാഴിക്കാട്ട് റോഡ് എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.164/2025/LSGD തീയതി,തിരുവനന്തപുരം, 15-09-2025

---

പരാമർശം:-
1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. ബഹു. കടുത്തുരുത്തി എം.എൽ.എയുടെ 05.04.2025 ലെ No.02/KDY/MLA/25 നമ്പർ കത്ത്.
4. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് 3540 റോഡുകളുടെ പുനഃരുദ്ധാരണത്തിന് പരാമർശം (2) പ്രകാരം തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (4) പ്രകാരം തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ പേര് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 " എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി - കീപ്പാറ - വെളിയന്നൂർ എൽ.പി സ്കൂൾ റോഡ് എന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത റോഡിന്റെ പേര് വടക്കേപീടിക - കീപ്പാറ - ചാഴിക്കാട്ട് റോഡ് എന്നായതിനാൽ പരാമർശം (2) ഉത്തരവിൽ തിരുത്തൽ വരുത്തി പഞ്ചായത്ത് ആസ്തി രജിസ്റ്ററിൻ പ്രകാരം വടക്കേപീടിക - കീപ്പാറ - ചാഴിക്കാട്ട് റോഡ് എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന്

ആവശ്യപ്പെട്ട് ബഹു. ബഹു. കടുത്തുരുത്തി എം.എൽ.എ സൂചന (3) പ്രകാരം കത്ത് നൽകിയിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി മൃഗാശുപത്രി - കീപ്പാറ - വെളിയന്നൂർ എൽ.പി സ്കൂൾ റോഡ് എന്ന പ്രവൃത്തിയുടെ പേര് വടക്കേപീടിക - കീപ്പാറ - ചാഴിക്കാട്ട് റോഡ് എന്ന് തിരുത്തി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 15-09-2025 15:47:48